# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
### 2019 നവംബർ മാസം 19 – ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

രാജ്യത്തെ തന്ത്രപ്രധാന മേഖലകളിലെല്ലാം യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യവൽക്കരണ നയങ്ങൾ കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് കൂടി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണം വ്യാപിപ്പിക്കുകയാണ്.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും (ബി.പി.സി.എൽ) സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിലുണ്ട്.

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചു വരുന്ന ബി.പി.സി.എൽ – ൽ 53.29 ശതമാനം ഓഹരികൾ കേന്ദ്ര സർക്കാരിന്റേതാണ്. അത് പൂർണ്ണമായും വിറ്റഴിക്കുന്നത് സ്വകാര്യ കുത്തക കമ്പനികൾക്ക് വൻ നേട്ടമുണ്ടാക്കാൻ അവസരമൊരുക്കും. ഇതോടെ പ്രതിവർഷം ഭീമമായ തുക നികുതി ഇനത്തിൽ സർക്കാരിന് നൽകുന്ന സ്ഥാപനം ഫലത്തിൽ ഇല്ലാതാകും.

മുപ്പതിനായിരത്തോളം സ്ഥിരം/കരാർ ജീവനക്കാരുടെ തൊഴിൽ സ്ഥിരതയെ ഈ നീക്കം ദോഷകരമായി ബാധിക്കും. സ്വകാര്യവൽക്കരണം കാരണം കോടിക്കണക്കിന് വരുന്ന പാചകവാതക ഉപയോക്താക്കൾക്ക് നിലവിൽ ലഭിച്ചുവരുന്ന സബ്സിഡി നഷ്ടമാവുകയും ചെയ്യും. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്ക് വഹിക്കുന്ന പൊതുമേഖലാ എണ്ണക്കമ്പനിയുടെ സ്വകാര്യവൽക്കരണം രാജ്യസുരക്ഷയെതന്നെ ബാധിക്കുന്നതാണ്.

ബി.പി.സി.എൽ. - ന്റെ ഭാഗമായ കൊച്ചി റിഫൈനറി സ്ഥാപിച്ചത് കേരള സർക്കാർ കൂടി മുൻകൈ എടുത്താണ്. റിഫൈനറി ബി.പി.സി.എൽ ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു. സ്ഥാപനത്തിന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്.

25,000 കോടി രൂപ മുതൽമുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. സ്വകാര്യവൽക്കരണനീക്കം പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും.

ഈ സാഹചര്യത്തിൽ ദേശീയ താത്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താത്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തേതുണ്ട്. എണ്ണ സംസ്കരണ-വിൽപ്പന പോലുള്ള തന്ത്രപ്രധാനമായ മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് അധീശത്വം സ്ഥാപിക്കാൻ വഴിയൊരുക്കുന്ന ഓഹരി വിറ്റഴിക്കൽ നടപടിയിൽ നിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

തിരുവനന്തപുരം
19.11.2019

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.